**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3003** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഏലൂരിൽ രാസമാലിന്യം മൂലമുള്ള മത്സ്യക്കുരുതിക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിലെ ഏലൂരിൽ പെരിയാറിലേയ്ക്ക് രാസമാലിന്യം ഒഴുക്കിയത് മൂലമുള്ള മത്സ്യക്കുരുതിയിൽ നഷ്ടം സംഭവിച്ച മത്സ്യക്കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ഏലൂർ എടയാർ ഭാഗം തുടങ്ങി പെരിയാർ ഒഴുകുന്ന കടമക്കുടി, വരാപ്പുഴ, ചേരാനെല്ലൂർ, കടങ്ങല്ലൂർ, ചിറ്റാറ്റുകര, വടക്കേക്കര, ഏഴിക്കര, മുളവുകാട് എന്നീ പഞ്ചായത്തുകളിലേയും കൊച്ചി കോർപ്പറേഷനിലെ പച്ചാളം, വടുതല, തന്തോന്നിത്തുരുത്ത് എന്നീ പ്രദേശങ്ങളിലേയും മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിനെത്തുടർന്ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും വകുപ്പിന്റെ നിർദ്ദേശപ്രകാരം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ (കുഫോസ്) സർവ്വയിലൻസ് ടീം പ്രസ്തുത സ്ഥലത്തെ ജലം, മത്സ്യം, ചെളി എന്നീ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തിയിരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലും കുഫോസിൽ നിന്നുള്ള സാമ്പിൾ പരിശോധിച്ച ഫലത്തിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ടിൽ, ജലമലിനീകരണം മൂലം മത്സ്യകർഷകർക്ക് മത്സ്യകൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും പ്രസ്തുത പുഴയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ അവർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടും ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൂട് മത്സ്യകൃഷി, ഓരുജല മത്സ്യകൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി എന്നിവയ്ക്ക് സംഭവിച്ച നാശനഷ്ടം 703.6628 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ പുഴയിലെ മത്സ്യസമ്പത്ത് പൂർണ്ണമായി നഷ്ടപ്പെട്ട സാഹചര്യത്തിൽ ആയത് പുനരുജ്ജീവിക്കുന്നതു വരെ ടി പുഴയെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കുമായി ആകെ 651.945 ലക്ഷം രൂപയും ആണ് കണക്കാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളിക്കും/ അനുബന്ധ മത്സ്യത്തൊഴിലാളിക്കുമായി ആകെ 1355.60780 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയവും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | രാസമാലിന്യം ഒഴുക്കിയ കമ്പനിയെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം ഈ കമ്പനിയിൽനിന്ന് ഈടാക്കി നൽകാൻ തയ്യാറാണോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഏലൂർ എടയാർ ഭാഗം തുടങ്ങി പെരിയാർ ഒഴുകുന്ന കടമക്കുടി, വരാപ്പുഴ, ചേരാനെല്ലൂർ, കടങ്ങല്ലൂർ, ചിറ്റാറ്റുകര, വടക്കേക്കര, ഏഴിക്കര, മുളവുകാട് എന്നീ പഞ്ചായത്തുകളിലേയും കൊച്ചി കോർപ്പറേഷനിലെ പച്ചാളം, വടുതല, തന്തോന്നിത്തുരുത്ത് എന്നീ പ്രദേശങ്ങളിലേയും മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിനെത്തുടർന്ന് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും വകുപ്പിന്റെ നിർദ്ദേശപ്രകാരം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ (കുഫോസ്) സർവ്വയിലൻസ് ടീം പ്രസ്തുത സ്ഥലത്തെ ജലം, മത്സ്യം, ചെളി എന്നീ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തിയിരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലും കുഫോസിൽ നിന്നുള്ള സാമ്പിൾ പരിശോധിച്ച ഫലത്തിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ടിൽ, ജലമലിനീകരണം മൂലം മത്സ്യകർഷകർക്ക് മത്സ്യകൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും പ്രസ്തുത പുഴയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ അവർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടും ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൂട് മത്സ്യകൃഷി, ഓരുജല മത്സ്യകൃഷി, എംബാങ്ക്മെന്റ് മത്സ്യകൃഷി എന്നിവയ്ക്ക് സംഭവിച്ച നാശനഷ്ടം 703.6628 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ പുഴയിലെ മത്സ്യസമ്പത്ത് പൂർണ്ണമായി നഷ്ടപ്പെട്ട സാഹചര്യത്തിൽ ആയത് പുനരുജ്ജീവിക്കുന്നതു വരെ ടി പുഴയെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കുമായി ആകെ 651.945 ലക്ഷം രൂപയും ആണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളിക്കും/ അനുബന്ധ മത്സ്യത്തൊഴിലാളിക്കുമായി ആകെ 1355.60780 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയവും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ